# 1857 അഥവാ മുസ്‌ലിംരാഷ്ട്രീയത്തിന് നേതൃപദവി നഷ്ടമാവുന്നു

● ഡോ. മുഹമ്മദ് റഫ്അത്ത് *

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ ബഹുജനപ്രക്ഷോഭം (1857) നടന്നത് ഒന്നര നൂറ്റാണ്ട് മുമ്പാണ്. ഈ ഒന്നാം സ്വാതന്ത്ര്യസമരത്തിന് മൂന്ന് പ്രത്യേകതകളുണ്ട്:

1. ജനപങ്കാളിത്തത്തോടെയുള്ള സമരമായിരുന്നു ഇത്. അതിനു മുമ്പ് കൊളോണിയൽ ശക്തികൾക്കെതിരെ ചെറുത്തുനിൽപ് നടത്തിയിരുന്നത് ഇന്ത്യൻ ഭരണാധികാരികൾ (രാജാക്കന്മാരും നവാബുമാരും) ആയിരുന്നു. അവർ തമ്മിൽ ഏകോപനം ഇല്ലാതിരുന്നതിനാൽ ആ ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു.

2. ഒന്നാം സ്വാതന്ത്ര്യസമരം പരാജയപ്പെട്ടുവെങ്കിലും കൊളോണിയൽ ഭരണത്തിന്റെ രീതിക്ക് മാറ്റം വന്നു. അതുവരെ ഈസ്റ്റ് ഇന്ത്യാ കമ്പനിയായിരുന്നു ഭരിച്ചിരുന്നത്. 1857-നു ശേഷം ഭരണം ബ്രിട്ടീഷ് രാജ്ഞി ഏറ്റെടുത്തു.

3. ഒന്നാം സ്വാതന്ത്ര്യസമരം അതിക്രൂരമായാണ് അടിച്ചമർത്തപ്പെട്ടത്. ഇത് ബഹുജനങ്ങളിൽ കൊളോണിയൽ ഭരണത്തിനെതിരെയുള്ള സായുധ സമരം നിഷ്ഫലമാണെന്ന ധാരണ സൃഷ്ടിച്ചു. അതിനാലാണ് 1857-നു ശേഷം സ്വാതന്ത്ര്യലബ്ധിക്ക് ബഹുജന പ്രസ്ഥാനങ്ങൾ സമാധാനപരമായ മാർഗങ്ങൾ സ്വീകരിച്ചത്.

### മുസ്‌ലിം ഭരണം

1857-ലെ സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ അലയൊലികൾ അക്കാലത്തെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ സമസ്ത മേഖലകളിലും പ്രതിഫലിച്ചു എന്നതാണ് സത്യം. എങ്കിലും പ്രക്ഷോഭവുമായി ബന്ധപ്പെട്ട് മുസ്‌ലിംസമൂഹത്തിന്റെ പങ്ക് വേറിട്ട് പരിശോധിക്കേണ്ടത് വളരെ പ്രധാനമാണ്. പ്രക്ഷോഭത്തിനുശേഷം ബ്രിട്ടീഷുകാർ മുസ്‌ലിംകളെ തെരഞ്ഞുപിടിച്ച് മൃഗീയമായി അടിച്ചൊതുക്കുകയായിരുന്നു. കൊളോണിയൽ ഭരണാധികാരികളുടെ ഈ പക്ഷപാത മനഃസ്ഥിതിക്ക് മൂന്ന് കാരണങ്ങൾ കണ്ടെത്താൻ കഴിയും:

ഒന്ന്, ബ്രിട്ടീഷ് ഭരണാധികാരികൾ ഏറ്റവും കൂടുതൽ പേടിച്ചിരുന്നത് മുസ്‌ലിംകളെയായിരുന്നു. കാരണം കൊളോണിയൽ ശക്തികൾ വരുന്നതിനു മുമ്പ് ഇന്ത്യ ഭരിച്ചിരുന്നത് മുസ്‌ലിംകളായിരുന്നല്ലോ. ഭരണം നഷ്ടപ്പെട്ടവരാകും സ്വാതന്ത്ര്യസമരത്തിന് മുൻപന്തിയിലുണ്ടാവുക എന്ന് അവർ സ്വാഭാവികമായും കണക്കുകൂട്ടി.

രണ്ട്, ബ്രിട്ടീഷ് പൊതുബോധത്തിൽ നേരത്തേ തന്നെ മുസ്‌ലിംവിരുദ്ധവികാരം കുടികൊള്ളുന്നുണ്ട്. ക്രൈസ്തവ- മുസ്‌ലിം സംഘർഷത്തിന് വേദിയായ കുരിശുയുദ്ധങ്ങളിലാണ് ഇതിന്റെ വേര്. ഈ സംഘർഷം ഒരു സമകാലിക യാഥാർഥ്യം കൂടിയായിരുന്നു. 19-ാം നൂറ്റാണ്ടിൽ മിക്ക മുസ്‌ലിംരാഷ്ട്രങ്ങളും യൂറോപ്യൻ കോളനികളായിക്കഴിഞ്ഞിരുന്നു. അതിനാലവർ മുസ്‌ലിംകളെ ഒരു 'ആഗോള ഭീഷണി'യായി കാണുന്നതിൽ ഒട്ടും അത്ഭുതമില്ല. അതിന്റെ പ്രതിഫലനം ഇന്ത്യയിലും കണ്ടു.

മൂന്ന്, ദേശസ്നേഹമായിരുന്നു ഹിന്ദുക്കളെയും മുസ്‌ലിംകളെയും ഒന്നാം സ്വാതന്ത്ര്യസമരത്തിൽ അണിനിരത്തിയത്. മതവികാരങ്ങൾ വഹിച്ച പങ്കും അവഗണിക്കാനാവുകയില്ല. 'ശിപായി'കൾ പന്നിക്കൊഴുപ്പ് ചേർത്ത വെടിയുണ്ടകൾ ഉപയോഗിക്കണമെന്ന ആജ്ഞ ബ്രിട്ടീഷ് സേനയിലെ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും മതവികാരങ്ങളെ വ്രണപ്പെടുത്തി. സായുധ കലാപത്തിന്റെ പെട്ടെന്നുള്ള പ്രകോപനം ഇതായിരുന്നു. ജിഹാദ്, രക്തസാക്ഷിത്വം തുടങ്ങിയവ ഇസ്‌ലാമിക തത്ത്വസംഹിതയുടെ ഭാഗമായതിനാൽ മതവികാരം കൂടുതൽ ശക്തം മുസ്‌ലിംകളിലാണെന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി.

### നേതൃത്വം മുസ്‌ലിംകൾക്ക്

1857-ലെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ എല്ലാ ഇന്ത്യക്കാരും പങ്കുചേർന്നിട്ടുണ്ടെങ്കിലും, അതിന് നേതൃത്വം കൊടുത്തത് മുസ്‌ലിംകളാണെന്നായിരുന്നു ബ്രിട്ടീഷുകാരുടെ വിലയിരുത്തൽ. അതിനാൽ പ്രക്ഷോഭം അടിച്ചമർത്തപ്പെട്ടപ്പോൾ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെട്ടതും അപമാനങ്ങൾക്കിരയായതും മുസ്‌ലിംകളായി. മുസ്‌ലിംകളെ 'നേതാക്കളായി' അംഗീകരിക്കുന്ന പ്രവണത അക്കാലത്തെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഒരു അടിസ്ഥാനഭാവമാണെന്ന് കാണാം. മുസ്‌ലിംകളുടെ നേതൃപദവി പരോക്ഷമായി അമുസ്‌ലിം ബഹുജനങ്ങളും അംഗീകരിച്ചിരുന്നു. ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ നേതാവായി അവസാനത്തെ മുഗള ചക്രവർത്തി ബഹാദൂർ ശാ സഫറിനെ ഏകകണ്ഠമായി തെരഞ്ഞെടുത്തത് ഇതിന് തെളിവാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ഹിന്ദുക്കൾക്കോ മുസ്‌ലിംകൾക്കോ നേതാവിന്റെ കാര്യത്തിൽ ഭിന്നാഭിപ്രായം ഉണ്ടായിരുന്നില്ല.

ഇന്ത്യയിലെ മുസ്‌ലിംസമൂഹം അവരുടെ മുൻഗാമികളിൽനിന്ന് അനന്തരമെടുത്ത ചില സവിശേഷഗുണങ്ങളാണ് അവരെ നേതൃപദവിക്ക് അർഹരാക്കിയത്. പിൽക്കാലത്ത് ആ നേതൃഗുണങ്ങളെല്ലാം അതിവേഗം നഷ്ടപ്പെടുകയാണുണ്ടായത്. സമാന്തരമായി തകർച്ചയിലേക്കുള്ള കൂപ്പുകുത്തൽ ആരംഭിക്കുകയും ചെയ്തു. മുസ്‌ലിംസമൂഹത്തിന് അനന്തരമായി കിട്ടിയ ആരോഗ്യകരമായ പ്രത്യേകതകൾ എന്തൊക്കെയായിരുന്നെന്ന് നോക്കാം:

എ) വിദ്യാസമ്പന്നരായ, പ്രബുദ്ധരായ, സാംസ്കാരികമായി ഉയർന്നു നിൽക്കുന്ന ഒരു സമൂഹമായിരുന്നു ഇന്ത്യയിലെ മുസ്‌ലിംകൾ. കൊളോണിയൽ ശക്തികളുടെ ആഗമനത്തിനു മുമ്പ് വളരെ ഉയർന്നതായിരുന്നു അവരിലെ സാക്ഷരതാ നിരക്ക്. ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. വിദ്യാഭ്യാസം സൗജന്യവുമായിരുന്നു. പണ്ഡിതന്മാർ ആദരിക്കപ്പെട്ടു. വൈജ്ഞാനിക പ്രവർത്തനങ്ങൾക്ക് ഭരണകൂടം എല്ലാ പിൻബലവും നൽകി.

ബി) സമൂഹം പൊതുവെ അതിന്റെ മൗലികവിശ്വാസപ്രമാണമായ തൗഹീദി(ഏകദൈവത്വം)നെക്കുറിച്ച് ബോധവാന്മാരും അതിനാൽതന്നെ ദൈവഭക്തി,

---

** ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗമാണ് ലേഖകൻ*

സാമൂഹികസേവനം എന്നീ ഇരു സവിശേഷതകൾ ജീവിതത്തിന്റെ നാനാതുറകളിലും പ്രകടവുമായിരുന്നു. മുസ്‌ലിം സ്വൂഫികൾ ഖാൻഖാഹ് എന്ന പേരിലുള്ള സ്ഥാപനങ്ങൾ രാജ്യമൊട്ടാകെ സ്ഥാപിച്ചു. ദൈവഭക്തിയുടെ ഉത്കൃഷ്ടഭാവങ്ങളാണ് ഈ സ്ഥാപനങ്ങളിൽ അഭ്യസിക്കപ്പെട്ടിരുന്നത്. ഇവ മുസ്‌ലിംകളുടെ ധാർമിക സ്വഭാവത്തെ രൂപപ്പെടുത്തി. ഈ സ്ഥാപനങ്ങൾ സാമൂഹികസേവനത്തിന്റെ കേന്ദ്രങ്ങൾ കൂടിയായിരുന്നു. യാതൊരു വിവേചനവും കാണിക്കാതെ ഈ കേന്ദ്രങ്ങൾ വിശന്നവനെ ഊട്ടുകയും പാവങ്ങളെ സഹായിക്കുകയും ചെയ്തു.

സി) മാനുഷികസമത്വം, സാഹോദര്യം എന്നീ ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ച് സമൂഹത്തിന് നല്ല അവബോധമുണ്ടായിരുന്നു. അതുകൊണ്ട് മുസ്‌ലിംകളുടെ സാന്നിധ്യം തന്നെ അനീതിപരവും മനുഷ്യത്വരഹിതവുമായ ഇന്ത്യയിലെ ജാതിവ്യവസ്ഥക്ക് ഒരു വെല്ലുവിളിയായിരുന്നു. തങ്ങളുടെ മനുഷ്യരെന്ന അന്തസ്സ് വീണ്ടെടുക്കാൻ കീഴാളവിഭാഗങ്ങൾ കൂട്ടത്തോടെ ഇസ്‌ലാമിലേക്ക് വരികയാണുണ്ടായത്.

ഡി) മുസ്‌ലിം ഭരണാധികാരികൾക്ക് പൊതുവെ തങ്ങളുടെ പ്രദേശം കാര്യക്ഷമമായി ഭരിക്കാൻ കഴിഞ്ഞിരുന്നു. അവരുടെ നീതിനിർവഹണം ഏറക്കുറെ പക്ഷപാതരഹിതവും സത്വരവുമായിരുന്നു. ഇന്ത്യ അവരുടെ കീഴിൽ ഗണ്യമായ സാമ്പത്തികാഭിവൃദ്ധി നേടുകയും വിദേശ വ്യാപാരത്തെ ആകർഷിക്കുന്ന കേന്ദ്രങ്ങളിലൊന്നായി മാറുകയും ചെയ്തു.

ഇ) ജിഹാദ്, രക്തസാക്ഷിത്വം തുടങ്ങിയ മൂല്യങ്ങളാൽ പ്രചോദിതരായ സമൂഹമായത് ഏതു പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അഭിമുഖീകരിക്കാൻ കെൽപുള്ളവരായി വളർന്നുവരാൻ അവർക്ക് സഹായകമായി.

### പരാജയത്തിന്റെ കാരണങ്ങൾ

ഈ മഹോന്നത ഗുണങ്ങളാണ് ഇന്ത്യയിലെ മുസ്‌ലിംസമൂഹത്തെ നേതൃപദവിയിലേക്ക് ഉയർത്തിയത്. ഒരുപക്ഷേ ഏറ്റവും മഹാനായ മുഗള ചക്രവർത്തി ഔറംഗസീബ് ആലംഗീർ ഈ മിക്ക സവിശേഷതകളെയും പ്രതിനിധീകരിക്കുന്നതായി കാണുന്നു. പക്ഷേ, ഔറംഗസീബിന്റെ ജീവിതകാലത്തു തന്നെ ഈ ഉത്കൃഷ്ടമായ ഗുണവിശേഷങ്ങൾ അതിവേഗം മുസ്‌ലിംസമൂഹത്തിന് നഷ്ടമായിക്കൊണ്ടിരുന്നു. അധഃപതനത്തിന്റെ ലക്ഷണങ്ങളും സർവത്ര പ്രകടം. ഔറംഗസീബിന്റെ മരണത്തിന് നാലു വർഷം മുമ്പ് 1703-ൽ ജനിച്ച ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി ഈ പതിതാവസ്ഥയെക്കുറിച്ച് വിലപിച്ചിട്ടുണ്ട്. അടിസ്ഥാന സ്വഭാവഗുണങ്ങളുടെ ക്രമേണയുള്ള തിരോധാനമാണ് തകർച്ചക്ക് കാരണമെന്ന് കണ്ടെത്താൻ പ്രയാസമില്ല.

1) മുസ്‌ലിംസമൂഹം വിദ്യാസമ്പന്നരും സാങ്കേതിക വിദ്യയിൽ സ്വയംപര്യാപ്തരും കെട്ടിട നിർമാണകലയിൽ ആർക്കും എത്തിപ്പിടിക്കാനാവാത്ത മികവ് പുലർത്തുന്നവരും ആയിരുന്നെങ്കിലും, യൂറോപ്പിൽ എന്തു നടക്കുന്നു എന്നതിനെക്കുറിച്ച് അവർക്ക് യാതൊരു വിവരവും ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ കൊളോണിയൽ ഭരണം സ്ഥാപിതമായതിനു ശേഷം മാത്രമാണ് പാശ്ചാത്യ ശാസ്ത്ര-സാങ്കേതികവിദ്യകളെക്കുറിച്ച് മുസ്‌ലിംകൾ അറിയാനിടവരുന്നത്. തങ്ങൾ ജീവിക്കുന്ന ലോകത്തെക്കുറിച്ച മുസ്‌ലിംകളുടെ അറിവില്ലായ്മ ഉണ്ടാക്കി വെച്ച പ്രത്യാഘാതങ്ങൾ അതിഭീകരമാണ്. തങ്ങളുടെ ഗുണനിലവാരം കുറഞ്ഞ സാങ്കേതികവിദ്യയുമായാണ് അവർ പാശ്ചാത്യ സൈനികഭീമനെ നേരിട്ടത്. അവർ ദയനീയമായി തോൽക്കുകയും ചെയ്തു. അതുപോലെ അവരുടെ പരമ്പരാഗത ഉൽപാദനരീതികളൊന്നും പാശ്ചാത്യ വ്യവസായ സ്ഥാപനങ്ങളുമായി കിടപിടിക്കാൻ പോന്നതായിരുന്നില്ല. ഇതിന്റെ ഫലമായി മുസ്‌ലിംകൾക്ക് ആത്മവിശ്വാസം നഷ്ടമായി. രാഷ്ട്രീയരംഗത്ത് മുസ്‌ലിംകളുടെ ആയുധം വെച്ച് കീഴടങ്ങൽ ബൗദ്ധിക മേഖലയിലും അവരുടെ ആധിപത്യത്തിന് അന്ത്യം കുറിച്ചു.

2) ഏതാനും പണ്ഡിതന്മാരും സ്വൂഫികളും ഒഴിച്ചുനിർത്തിയാൽ, ഇന്ത്യൻ ബഹുജനങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കൽ തങ്ങളുടെ പ്രാഥമിക ബാധ്യതയാണെന്ന ബോധം മുസ്‌ലിംസമൂഹത്തിന് ഉണ്ടായിരുന്നില്ല. മുസ്‌ലിംസമൂഹം തന്നെയും അനിസ്‌ലാമികാചാരങ്ങളുടെ സ്വാധീനങ്ങൾക്ക് വിധേയമായി. വിശ്വാസപരമായി അവരുടെ ഏകദൈവത്വദർശനം വികലമായി. ബഹുദൈവത്വപരമായ ആശയങ്ങളും ആചാരങ്ങളും മുസ്‌ലിം ചിന്തയിലും സ്വഭാവത്തിലും നുഴഞ്ഞുകയറി. അതോടെ ഇസ്‌ലാമികസന്ദേശത്തിന്റെ വീര്യം മായം കലർന്ന് ദുർബലമാവുകയും വിശുദ്ധജീവിതത്തിനും സാമൂഹികസേവനത്തിനും മുസ്‌ലിംകൾക്ക് പ്രചോദനമായിരുന്ന തൗഹീദീദർശനത്തിന് മങ്ങലേൽക്കുകയും ചെയ്തു. അങ്ങനെയാണ് സർവരാലും പരോക്ഷമായി അംഗീകരിക്കപ്പെട്ടിരുന്ന മുസ്‌ലിംകളുടെ നേതൃപദവി ചോദ്യം ചെയ്യപ്പെടാൻ തുടങ്ങിയത്.

3) മനുഷ്യസമത്വവും സാഹോദര്യവും ഇസ്‌ലാമിക സാമൂഹികഘടനയെ നിർണയിക്കുന്ന സുപ്രധാന ഘടകങ്ങളാണ്. തൗഹീദിൽനിന്ന് ഊർജം സ്വീകരിക്കുന്ന ഇസ്‌ലാമിക മനസ്സാക്ഷി ദുർബലമായതോടെ ഈ ആശയങ്ങൾക്കും ഗ്രഹണം ബാധിച്ചു. തദ്ഫലമായി ഇന്ത്യയിലെ ജാതിവ്യവസ്ഥ മുസ്‌ലിംസമൂഹത്തെയും സ്വാധീനിച്ചു. മനുഷ്യസമത്വം എന്ന ഇസ്‌ലാമിന്റെ തത്ത്വാധിഷ്ഠിതമായ നിലപാടിനെ ചോദ്യം ചെയ്യാനാവുമായിരുന്നില്ലെങ്കിലും, പ്രയോഗതലത്തിൽ ഈ ഇസ്‌ലാമിക മാതൃകയിൽനിന്ന് മുസ്‌ലിംകൾ ക്രമേണ വ്യതിചലിക്കുന്നതാണ് കാണാനായത്. ഈ പതനം മുസ്‌ലിം സമൂഹത്തിനകത്ത് സംഘർഷം വളർത്തുകയും അതിന്റെ ചേർന്നുനിൽപിൽ വിള്ളലുകൾ വീഴ്ത്തുകയും ചെയ്തു. ഇസ്‌ലാമിലേക്കുള്ള കീഴാളവർഗത്തിന്റെ പ്രവാഹവും അതോടെ നിലച്ചു. ഒരു വിമോചന പ്രത്യയശാസ്ത്രം എന്ന ഇസ്‌ലാമിന്റെ പരിവേഷം പലതരം രാജിയാകലുകൾക്ക് വിധേയമായി; അനന്തരഫലമെന്നോണം മുസ്‌ലിംകളുടെ നേതൃപദവി ചോദ്യം ചെയ്യപ്പെട്ടു.

4) ആത്മവിശ്വാസം നഷ്ടപ്പെട്ടതോടെ മുസ്‌ലിംകളുടെ കാര്യക്ഷമതക്കും തിളക്കമറ്റു. മിസ്റ്റിസിസം, നിഗൂഢ വാദങ്ങൾ, മന്ത്രമാരണങ്ങൾ, ആഴമില്ലാത്ത തത്ത്വശാസ്ത്ര തർക്കങ്ങൾ, കാലഹരണപ്പെട്ട സാഹിത്യ രചനാരീതികൾ, ഉൾക്കാമ്പില്ലാത്ത വിനോദങ്ങൾ (പട്ടം പറത്തുക, ചെസ് തുടങ്ങിയവ) എന്നിവയിൽ കുടുങ്ങിക്കിടന്നു അവരുടെ ശ്രദ്ധയും താൽപര്യവും. തദ്ഫലമായി, മുസ്‌ലിംസമൂഹം പ്രാപ്തരായ ഭരണാധികാരികളെയും ധീരരായ പടയാളികളെയും മികവുറ്റ പടനായകന്മാരെയും വിമർശനബുദ്ധിയുള്ള പണ്ഡിതന്മാരെയും സൃഷ്ടിക്കാതെയായി. പകരം ജീർണിച്ചുകൊണ്ടിരുന്ന ഈ സമൂഹത്തിന് സംഭാവന ചെയ്യാനുണ്ടായിരുന്നത് പരിത്യാഗികളായ മിസ്റ്റിക്കുകളെയും മന്ത്രവാദക്കാരെയും ചെപ്പടിവിദ്യക്കാരെയും സ്തുതിപാഠകരെയും സംഗീതജ്ഞരെയും നാട്യക്കാരെയും കവികളെയുമൊക്കെ ആയിരുന്നു. ഇത്തരം സമൂഹങ്ങളിൽനിന്ന് നേതൃഗുണമുള്ളവർ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കാനാവില്ല.

5) രാഷ്ട്രീയപതനത്തിനു ശേഷം ഇന്ത്യയിലെ മുസ്‌ലിംസമൂഹത്തിലാകെ പടർന്നുപിടിച്ചത് പാശ്ചാത്യതയുമായി ബന്ധപ്പെടുത്തിയുള്ള അപകർഷബോധമായിരുന്നു. പാശ്ചാത്യനാഗരികതയും സംസ്കാരവും സാർവലൗകിക സത്യങ്ങളുടെ ആകത്തുക എന്ന നിലയിൽ മൊത്തമായി സ്വീകരിക്കപ്പെടുകയായിരുന്നു. പാശ്ചാത്യ ചിന്താഗതികളെ വിമർശനാത്മകമായി പരിശോധിക്കുന്ന ഗൗരവപ്പെട്ട അന്വേഷണങ്ങളൊന്നും ഉണ്ടായില്ല. ഫലമോ, മുസ്‌ലിംസമൂഹത്തിലാകെ ബൗദ്ധികമായ ആശയക്കുഴപ്പവും കുഴമ

റിച്ചിലും. ഒരുഭാഗത്ത്, ഇസ്‌ലാമിക പാരമ്പര്യത്തെ പറ്റെ കൈയൊഴിക്കാൻ മുസ്‌ലിംസമൂഹത്തിന് കഴിയുമായിരുന്നില്ല. ഇതുവരെ അവരുടെ ജീവരക്തമായിരുന്നത് ആ പാരമ്പര്യമായിരുന്നല്ലോ. മറുഭാഗത്ത്, പാശ്ചാത്യവിജ്ഞാനത്തിന്റെയും തത്ത്വചിന്തയുടെയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മാസ്മരക്കാഴ്ചയിൽ അവരുടെ കണ്ണഞ്ചിപ്പോവുകയും ചെയ്തു. അങ്ങനെ നേരത്തേതന്നെ ആത്മവിശ്വാസം നഷ്ടപ്പെട്ടുകഴിഞ്ഞ മുസ്‌ലിംമനസ്സ് പരസ്പരവിരുദ്ധമായ ആശയങ്ങളുടെ കളിസ്ഥലമായിത്തീർന്നു. മുസ്‌ലിംകൾക്ക് അവരുടെ മതത്തിലുള്ള വിശ്വാസം ഉലയാൻ തുടങ്ങി. ഒരു കാലത്ത് മുസ്‌ലിംകൾക്ക് പ്രചോദനകേന്ദ്രമായി വർത്തിച്ച ഇസ്‌ലാമികമൂല്യങ്ങൾക്ക് സമൂഹത്തിൽ സ്ഥാനമില്ലാതെയായതോടെ, നിർണിതമായ ലക്ഷ്യമില്ലാതെ എങ്ങോട്ടും ഒഴുകിപ്പോകുന്ന, ആശയക്കുഴപ്പം ബാധിച്ച സംഘമായിത്തീർന്നു അവർ.

### പരിവർത്തന ദശ

ഈ കാരണങ്ങളെല്ലാം ഒത്തുചേർന്നപ്പോൾ സർവരംഗങ്ങളിലും മുസ്‌ലിംകൾ അധഃപതിച്ചു. ഇന്ത്യൻ സമൂഹത്തിന്റെ നേതൃപദവി അവർ ഉപേക്ഷിച്ചു. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ മുസ്‌ലിംകളുടെ പങ്കാളിത്തം ഇവിടെ അവഗണിക്കുന്നില്ല. പങ്കെടുത്തവർ വളരെ ആവേശപൂർവമാണ് അതിൽ പങ്കെടുത്തിരുന്നതു താനും. പക്ഷേ മുസ്‌ലിം ബഹുജനം ഏറക്കുറെ കോൺഗ്രസ്സിൽനിന്ന് അകന്നുനിൽക്കുകയാണ് ചെയ്തത്. മഹിതമായ ഇസ്‌ലാമികാശയങ്ങളാൽ പ്രചോദിതരായ, ജീവിതവിശുദ്ധിയുള്ള ഒരു നേതൃത്വം തങ്ങളെ സ്വാതന്ത്ര്യസമരപാതയിൽ നയിക്കട്ടെ എന്ന് അവരുടെ ഉപബോധമനസ്സ് മന്ത്രിച്ചിരിക്കാം. 19-ാം നൂറ്റാണ്ടിന്റെ ഒടുവിലുള്ള മുസ്‌ലിം ബുദ്ധികേന്ദ്രങ്ങൾക്ക് അങ്ങനെയൊരു നേതൃത്വം പ്രദാനം ചെയ്യാനുള്ള കെൽപില്ലായിരുന്നു. മുസ്‌ലിംകൾ ശേഷമുള്ള സ്വാതന്ത്ര്യസമരങ്ങളിൽ നായകസ്ഥാനത്ത് വരാത്തതിനും അവർ ഏറക്കുറെ നിഷ്ക്രിയമായതിനും ഇതാവാം കാരണം. കോൺഗ്രസ്സിൽ ചേർന്ന് പ്രവർത്തിച്ച മുസ്‌ലിംകളുടെയോ ജംഇയ്യത്തുൽ ഉലമാ എന്ന സംഘടന സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്കിനെയോ ഒട്ടും വിലകുറച്ച് കാണിച്ചുകൊണ്ടല്ല ഇത് പറയുന്നത്. സ്വാതന്ത്ര്യസമരത്തിൽ അവർ നായകത്വം വഹിക്കുന്ന സമൂഹമായില്ല എന്ന വസ്തുതയിലേക്ക് വിരൽചൂണ്ടുക മാത്രമാണ്. മുസ്‌ലിം മനസ്സിന് അന്യമായിരുന്ന ദേശീയത, സെക്യുലരിസം, ജനാധിപത്യം എന്നീ ആശയങ്ങളായിരുന്നു ദേശീയ പ്രസ്ഥാനത്തിന് പ്രചോദനമായിരുന്നത്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മുസ്‌ലിംകൾ ഈ ആശയങ്ങളെ പ്രായോഗിക ബദലുകളായി കാണുകയും അവയെ ഇസ്‌ലാമിക ചട്ടക്കൂടിലേക്ക് കുടിയിരുത്താൻ ശ്രമിക്കുകയുമാണുണ്ടായത്. ചുരുക്കത്തിൽ മുസ്‌ലിംകൾ നേതാക്കൾ എന്ന പദവിയിൽനിന്ന് (1857-ൽ) ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യമാവുമ്പോഴേക്കും അനുഗാമികൾ എന്ന നിലയിലേക്ക് മാറ്റപ്പെടുകയായിരുന്നു.

### സങ്കുചിത വീക്ഷണം

മുസ്‌ലിംകളിൽ വലിയൊരു വിഭാഗം കോൺഗ്രസ് നേതൃത്വം നൽകിയ സമരമുന്നണിയിൽ ചേരുകയുണ്ടായില്ല. 'മുസ്‌ലിം സ്വത്വം സംരക്ഷിക്കുക' എന്ന ഒറ്റ അജണ്ടയിൽ അവർ തൃപ്തരായിരുന്നു. ഇതിനു വേണ്ടിയാണ് പാകിസ്താൻ വാദമുയർത്തിയത്. യഥാകാലം പാകിസ്താൻ ഒരു യാഥാർഥ്യമാവുകയും ചെയ്തു. വിഭജനാനന്തര ഇന്ത്യയിൽ കഴിയുന്ന മുസ്‌ലിംകളും ഏറക്കുറെ 'സ്വത്വസംരക്ഷണം' എന്ന അജണ്ട തുടരുകയാണുണ്ടായത്. ഇടക്കാലത്ത് മുസ്‌ലിംകളുടെ വിദ്യാഭ്യാസപരവും സാമ്പത്തികവും രാഷ്ട്രീയവുമായ 'ശാക്തീകരണം' ഈ അജണ്ടയിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ടെന്ന് മാത്രം. എന്നാൽ തന്നെയും ഈ അജണ്ട പരിമിതത്വമുള്ളതും കുടുസ്സുമാണെന്ന് പറയാതിരിക്കാൻ വയ്യ. ഇന്ത്യയിലെ 'നയിക്കുന്ന സമൂഹ'മാകാനുള്ള ആഗ്രഹമോ താൽപര്യമോ ഈ അജണ്ട പ്രകടമാക്കുന്നില്ല. ഇന്ത്യയിലെ പൊതുസമൂഹത്തിന് ഒരു സന്ദേശവും കർമപരിപാടിയും തങ്ങൾക്ക് നൽകാനുണ്ട് എന്ന് മുസ്‌ലിംകളുടെ നിലപാട് കണ്ടാൽ തോന്നുകയില്ല.

### പുതിയ പ്രതിഛായ

ഇതാണ് ഇന്ത്യൻ മുസ്‌ലിംകൾക്കുണ്ടായ പരിവർത്തനം! ഒരിക്കലവരെ നേതാക്കളും വഴികാട്ടികളുമായാണ് കണ്ടിരുന്നത്; ഇന്നാകട്ടെ അവർ പ്രാന്തവത്കരിക്കപ്പെട്ട, നിസ്സഹായരായ ഒരു ന്യൂനപക്ഷം. ഈ വെച്ചുമാറൽ അംഗീകരിക്കാനാവുമോ? ഈ നിലമാറണമെന്ന് അവർ ആഗ്രഹിക്കുന്നില്ലേ? മുസ്‌ലിംകളിൽ ഉറങ്ങിക്കിടക്കുന്ന ഇസ്‌ലാമിക മനസ്സാക്ഷി പറയുന്നത്, നഷ്ടപ്പെട്ട പദവി തിരികെ ലഭിക്കാൻ അവർ ശ്രമിക്കേണ്ടതുണ്ട് എന്നാണ്. ഇതൊരു കനത്ത വെല്ലുവിളിയാണ്.

ഈ വെല്ലുവിളി നേരിടണമെങ്കിൽ ഇന്ത്യയിലെ മുസ്‌ലിംസമൂഹം തങ്ങൾ ആരാണെന്ന് സ്വയം തിരിച്ചറിയേണ്ടതുണ്ട്. 'ജനാധിപത്യക്കൂട്ടിലെ ന്യൂനപക്ഷം' മാത്രമാണോ അവർ? അല്ലെങ്കിൽ ഒരു ആഗോള മാതൃകാസമൂഹത്തിന്റെ (ഖൈറു ഉമ്മത്ത്) ഭാഗമോ? ഈ രണ്ടും നൽകുന്ന പ്രതിഛായകൾ തീർത്തും വ്യത്യസ്തമാണ്.

'സ്വയം തിരിച്ചറിഞ്ഞ്' കഴിഞ്ഞാൽ മുസ്‌ലിംസമൂഹം പിന്നെ ചെയ്യേണ്ടത് ഒരു കർമപരിപാടി തയാറാക്കുകയാണ്. മൂന്ന് അടിസ്ഥാനങ്ങളിലൂന്നിയാവണം ആക്ഷൻ പ്ലാൻ:

ഒന്ന്, പാശ്ചാത്യജ്ഞാനങ്ങളെ വിമർശനാത്മകമായി വിലയിരുത്തി ഇസ്‌ലാമിക മാനദണ്ഡം വെച്ച് തള്ളേണ്ടതും കൊള്ളേണ്ടതും വേർതിരിക്കുക.

രണ്ട്, ജാതിവ്യവസ്ഥയെ തള്ളിക്കളഞ്ഞുകൊണ്ട് ഏകദൈവത്വം, മനുഷ്യസമത്വം, സാഹോദര്യം എന്നീ സന്ദേശങ്ങൾ പൊതുസമൂഹത്തിൽ പ്രചരിപ്പിക്കുക.

മൂന്ന്, നിലനിൽക്കുന്ന രാഷ്ട്രീയ, സാമ്പത്തിക ഘടനകൾക്ക് ബദലായി ഇന്ത്യൻ ബഹുജനങ്ങൾക്ക് മുമ്പിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുക. ■

# ഒരു രാജവംശത്തിന്റെ പതനം

**സ്കോട്ട്ലന്റിൽ** ജനിക്കുകയും ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ പഠനം പൂർത്തിയാക്കുകയും ചെയ്ത ചരിത്രകാരനാണ് വില്യം ഡൽറിമ്പ്ൾ. അദ്ദേഹം കഴിഞ്ഞ വർഷം എഴുതി പ്രസിദ്ധീകരിച്ച കൃതിയാണ് 'അവസാനത്തെ മുഗളൻ: ഒരു രാജവംശത്തിന്റെ പതനം, ദൽഹി 1857.' വൻ സ്വീകാര്യതയാണ് ഈ ചരിത്രകൃതിക്ക് ലഭിച്ചത്. 2006 നവംബറിൽതന്നെ ഇതിന്റെ 38,000 കോപ്പികൾ ബ്രിട്ടനിലും 27,000 കോപ്പികൾ ഇന്ത്യയിലും ചെലവായി.

1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം അടിച്ചമർത്തപ്പെട്ടതോടെ സംഭവിച്ച മുഗളരാജവംശത്തിന്റെ തിരോധാനമാണ് പുസ്തകത്തിന്റെ പ്രമേയം. ഈ വിഷയത്തിൽ ധാരാളം കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അത്ഹർ അബ്ബാസ് നഖ്‌വി എന്ന ചരിത്രകാരൻ എഴുതിയ ഗ്രന്ഥം ഒന്നിലധികം വാല്യങ്ങളാണ്.

ഡൽറിമ്പ്ളിന്റെ കൃതിയെ വ്യത്യസ്തമാക്കുന്നത്, അതിന്റെ സവിശേഷമായ വിശകലനരീതിയാണ്. ഇന്ന് നടക്കുന്നുണ്ടെന്ന് പറയപ്പെടുന്ന 'നാഗരികതകളുടെ സംഘട്ടന'വുമായി ബന്ധപ്പെടുത്തിയാണ് അദ്ദേഹത്തിന്റെ വിശകലനം. അതിന്റേതായ തകരാറുകൾ ഈ കൃതിയിലെമ്പാടും കാണാനുമുണ്ട്. ഉദാഹരണമായി, 1857-നു ശേഷം ഇന്ത്യൻ മുസ്‌ലിംകൾ രണ്ട് വിഭാഗമായി വേർതിരിഞ്ഞു എന്ന് ഗ്രന്ഥകാരൻ വാദിക്കുന്നു. ഒന്ന്, പാശ്ചാത്യരെ പുൽകിക്കൊണ്ടല്ലാതെ ഇന്ത്യൻ മുസ്‌ലിംകളുടെ ഉയിർത്തെഴുന്നേൽപ് സാധ്യമല്ല എന്ന് വിശ്വസിക്കുന്ന സർ സയ്യിദ് അഹ്മദ് ഖാന്റെ പിന്നിൽ അണിനിരന്ന വിഭാഗം. പാശ്ചാത്യമായ എന്തിനെയും പൂർണമായി തിരസ്കരിക്കുന്നവരാണ് മറ്റേ വിഭാഗം. പഴയ റഹീമിയ്യ മദ്റസയാണ് ഇവരെ പ്രതിനിധീകരിക്കുന്നത്. ശാഹ് വലിയ്യുല്ലയുടെ ജിഹാദും 1857-ലെ പോരാട്ടം കഴിഞ്ഞ് ഒമ്പതു വർഷത്തിന് ശേഷം രൂപീകൃതമായ ദയൂബന്ദ് മദ്റസയും ഇപ്പോഴത്തെ താലിബാനും അൽഖാഇദയുമെല്ലാം ഈ യാഥാസ്ഥിതിക ധാരയുടെ തുടർച്ചയാണെന്നാണ് ഗ്രന്ഥകാരന്റെ കണ്ടെത്തൽ! അമേരിക്കയിലെ നവയാഥാസ്ഥിതികർ ഗ്രന്ഥകാരനെ സ്വാധീനിച്ചിട്ടുണ്ടെന്നതിന് ഇതിലപ്പുറം തെളിവ് ആവശ്യമില്ല. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ഇന്നത്തെ ഇസ്‌ലാം/ പടിഞ്ഞാറ് സംഘട്ടനത്തിന്റെ പഴയ മാതൃക വരച്ചെടുക്കാനാണ് ഗ്രന്ഥകാരൻ ശ്രമിക്കുന്നത്.

ഇത്തരം പിഴവുകളുണ്ടെങ്കിലും മറ്റേതൊരു ബ്രിട്ടീഷ് ചരിത്രകാരനേക്കാളും വിഷയത്തെ സത്യസന്ധമായി സമീപിക്കാൻ ഗ്രന്ഥകാരന് സാധിച്ചിട്ടുണ്ടെന്ന് സുറൂർ അഹ്മദ് (1857-ലെ സമരത്തെക്കുറിച്ച് *റേഡിയൻസ്* ഇംഗ്ലീഷ് വാരിക പുറത്തിറക്കിയ പ്രത്യേക പതിപ്പ് 2007 ജനുവരി 6): "അക്കാലത്തെ മുസ്‌ലിം ഭരണാധികാരികളും പൊതുജനങ്ങളും അക്ഷരവിരോധികളും വിവരദോഷികളുമായിരുന്നെന്നും അതാണ് സമരം പരാജയപ്പെടാൻ ഒരു കാരണമെന്നും പലരും എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. ഇന്ത്യക്കാരും വിദേശികളുമായ എഴുത്തുകാരെ ഉദ്ധരിച്ചുകൊണ്ട് ആ ധാരണ തെറ്റായിരുന്നുവെന്ന് ഗ്രന്ഥകാരൻ സമർഥിക്കുന്നു.

"കോളേജുകളിലും മദ്റസകളിലും ബൗദ്ധിക മേഖലകളിൽ തുറന്ന സമീപനമാണ് കാണാനുണ്ടായിരുന്നത്... ഇസ്‌ലാമിക വിഷയങ്ങൾക്കൊപ്പം ആധുനിക ശാസ്ത്രവും പൗരാണിക-മധ്യകാല തത്ത്വചിന്തയും ഗണിതവും പഠിക്കാനുള്ള ആർത്തി പ്രകടമായിരുന്നു."

ഇന്ത്യയിലുണ്ടായിരുന്ന പല ബ്രിട്ടീഷുകാരും ഇസ്‌ലാം സ്വീകരിക്കുകയുണ്ടായെന്നും ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നു. സർജന്റ് ഗോർഡനെ അദ്ദേഹം ഉദാഹരണമായി എടുത്തു കാണിക്കുന്നു. ഇക്കാര്യം മറ്റു ചരിത്രകൃതികളിൽ കാണാനാവുന്നില്ല. ഏകീകൃത സൈനിക നേതൃത്വത്തിന്റെ അഭാവം, പൊതുജീവിതത്തിലും ഭരണത്തിലുമുള്ള അഴിമതി, യുദ്ധപരിചയം കുറഞ്ഞ ദുർബലമായ സൈന്യം, മുഗളസാമ്രാജ്യത്തിന്റെ മിക്ക പ്രദേശങ്ങളും ബ്രിട്ടീഷുകാരുടെയോ നാട്ടുരാജാക്കന്മാരുടെയോ കൈവശമായത്- ഇതൊക്കെയാണ് 1857-ലെ സമര പരാജയത്തിന് കാരണങ്ങളെന്ന് ഗ്രന്ഥകാരൻ. ഒന്നാം സ്വാതന്ത്ര്യസമരം അടിച്ചൊതുക്കപ്പെട്ട ശേഷമുള്ള ബ്രിട്ടീഷ് തേർവാഴ്ചയും അദ്ദേഹം വിവരിക്കുന്നുണ്ട്. കൂട്ടക്കൊലപാതകങ്ങളും ബലാത്സംഗങ്ങളുമാണ് പിന്നീട് അരങ്ങേറിയത്. അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി പാൽമർസ്റ്റണി(Palmerston)ന്റെ ഒരു കത്ത് പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്. അതിലെ വരികൾ:

"Delhi should be deleted from the map and every civil building connected with the Mohammadan tradition should be levelled to the ground without regard to the antiquarian veneration or artistic predilections" (ദൽഹി ഭൂപടത്തിൽനിന്ന് തുടച്ചുനീക്കപ്പെടണം. മുഹമ്മദൻ പാരമ്പര്യവുമായി ബന്ധമുള്ള എല്ലാ കെട്ടിടങ്ങളും ഇടിച്ചുനിരത്തണം. അവക്ക് പൗരാണികമായി നൽകിപ്പോരുന്ന ആദരവോ അവയുടെ കലാമൂല്യമോ ഒന്നും നോക്കേണ്ടതില്ല).

ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ നിർദേശപ്രകാരം ചെങ്കോട്ടയും ജുമാ മസ്ജിദും വരെ ഏറക്കുറെ ഇടിച്ചുനിരത്തിയതായിരുന്നു. അന്നത്തെ പഞ്ചാബ് ഗവർണർ ജോൺ ലോറൻസ് ഇടപെട്ടാണ് അത് നിർത്തിച്ചത്. പൊളിച്ച ഭാഗങ്ങൾ പിന്നീട് പുതുക്കിപ്പണിതു.

ഇങ്ങനെ കൊളോണിയൽ ഭീകരതയുടെ കുറേ ചിത്രങ്ങൾ പുസ്തകത്തിലുണ്ട്. അവയുടെ തനിയാവർത്തനമാണ് ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. അതേസമയം മുസ്‌ലിംസമുദായത്തെക്കുറിച്ചുള്ള ഡൽറിമ്പ്ളിന്റെ നിഗമനങ്ങൾ പാളിപ്പോകുന്നുമുണ്ട്. മുസ്‌ലിം സമുദായത്തെ സർ സയ്യിദ് ചേരിയായും 'അൽഖാഇദ' ചേരിയായും സമമായി ഭാഗിച്ചത് ഉദാഹരണം. മുസ്‌ലിം സമുദായത്തിൽ ഈ രണ്ടുമല്ലാത്ത മറ്റൊരു വിഭാഗമില്ല എന്ന മട്ടിലാണ് വിവരണം. ഈ രണ്ടിലും പെടാത്തവരാണ് മുസ്‌ലിംസമുദായത്തിൽ ബഹുഭൂരിഭാഗവും എന്നതാണ് യാഥാർഥ്യം.

എഡ്മണ്ട് ബർകിന്റെ ഒരു ഉദ്ധരണി ചേർത്തുകൊണ്ടാണ് പുസ്തകം അവസാനിക്കുന്നത്. അതിങ്ങനെ വായിക്കാം: "ചരിത്രത്തിൽനിന്ന് പാഠം പഠിക്കാത്തവർ അതേചരിത്രം എല്ലായ്പോഴും ആവർത്തിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു." ■